**പതിനാലാം കേരള നിയമസഭ**
**പത്താം സമ്മേളനം**

**നക്ഷത്രചിഹ്നമിട്ട ചോദ്യം നം: *76** **28.02.2018- ൽ മറുപടിക്ക്**

**ആവാസ് പദ്ധതി**

| ചോദ്യം | മറുപടി |
|---|---|
| ശ്രീ.കെ. ആൻസലൻ<br>,, സി.കൃഷ്ണൻ<br>,, കെ.വി.അബ്ദുൾ ഖാദർ<br>,, കെ.വി.വിജയദാസ് : | ശ്രീ. ടി. പി. രാമകൃഷ്ണൻ<br>തൊഴിലും എക്സൈസും വകുപ്പ് മന്ത്രി |
| (എ) ഈ സർക്കാർ അധികാരത്തിൽ വന്നശേഷം ഇതര സംസ്ഥാന തൊഴിലാളികളുടെ ക്ഷേമത്തിനായി നടപ്പിലാക്കിയ പദ്ധതികൾ എന്തെല്ലാമാണെന്ന് വ്യക്തമാക്കാമോ; | (എ) സംസ്ഥാനത്ത് ജോലിയെടുക്കുന്ന ഇതരസംസ്ഥാന തൊഴിലാളികൾക്ക് ഒരു ആരോഗ്യ ഇൻഷ്വറൻസ് പദ്ധതി "ആവാസ്" ആരംഭിച്ചുകൊണ്ട് സർക്കാർ ഉത്തരവ് പുറപ്പെടുവിച്ചിട്ടുണ്ട്. 15,000/- രൂപയുടെ ആരോഗ്യ ഇൻഷ്വറൻസും 2,00,000/- രൂപയുടെ അപകടമരണ ഇൻഷ്വറൻസുമാണ് പദ്ധതിയിൽ ഉൾപ്പെടുത്തിയിരിക്കുന്നത്. നിലവിൽ കേരളത്തിൽ ജോലി ചെയ്യുന്ന 155595 ഇതര സംസ്ഥാന തൊഴിലാളികൾക്ക് ഇതിനകം രജിസ്ട്രേഷൻ കാർഡ് നൽകിയിട്ടുണ്ട്. പദ്ധതിപ്രകാരം എല്ലാ ജില്ലകളിലും രജിസ്ട്രേഷൻ നടന്നു വരുന്നു.<br>ഇതരസംസ്ഥാന തൊഴിലാളികൾക്ക് വേണ്ടി ഹോസ്റ്റൽ രീതിയിലുള്ള മെച്ചപ്പെട്ട പാർപ്പിട സമുച്ചയങ്ങൾ "അപ്നാഘർ " പദ്ധതി വഴി നടപ്പിലാക്കുന്നു.പദ്ധതിയിൻ കീഴിൽ പാലക്കാട് ജില്ലയിലെ കഞ്ചിക്കോട് ആരംഭിച്ച ഹോസ്റ്റൽ സമുച്ചയം പൂർത്തിയാക്കുന്നതിനു നടപടി കൈക്കൊണ്ടിട്ടുണ്ട്. 640 പേർക്കുള്ള താമസ സൗകര്യമാണ് ഇവിടെ ലഭ്യമാക്കിയിട്ടുള്ളത്. തിരുവനന്തപുരം, എറണാകുളം, കോഴിക്കോട് ജില്ലകളിൽ അനുയോജ്യമായ സ്ഥലങ്ങളിൽ ഫെസിലിറ്റേഷൻ സെന്റർ ആരംഭിക്കുന്നതിനും സർക്കാർ ഉത്തരവായിട്ടുണ്ട്. |
| (ബി) ഇതര സംസ്ഥാനക്കാരായ മുഴുവൻ തൊഴിലാളികൾക്കും സൗജന്യ ഇൻഷ്വറൻസും ആരോഗ്യ പരിരക്ഷയും ഉറപ്പുവരുത്തുന്ന ആവാസ് പദ്ധതി നടത്തിപ്പിനായുള്ള | (ബി) അസിസ്റ്റന്റ് ലേബർ ഓഫീസർമാരുടെ നേതൃത്വത്തിൽ ഇതരസംസ്ഥാന തൊഴിലാളികൾ കൂട്ടത്തോടെ അധിവസിക്കുന്ന/തൊഴിലെടുക്കുന്ന മേഖലകൾ സന്ദർശിച്ച് എൻറോൾമെന്റ് ഫോമുകൾ വിതരണം ചെയ്തുവരുന്നുണ്ട്. അവരുടെ |

| | | | |
|---|---|---|---|
| | വിവരശേഖരണം ഏത് ഘട്ടത്തിലാണെന്ന് വ്യക്തമാക്കാമോ; | | വ്യക്തി വിവരങ്ങൾ ശേഖരിച്ച് സർക്കാർ നൽകിയ തിരിച്ചറിയൽ രേഖയുടെ അടിസ്ഥാനത്തിൽ ജില്ലകളിൽ നടത്തുന്ന എൻറോൾമെന്റ് ക്യാമ്പുകളിൽ രജിസ്ട്രേഷൻ നൽകി തിരിച്ചറിയൽ കാർഡുകൾ നൽകുന്ന പ്രവൃത്തി പുരോഗമിക്കുന്നു. ഇതുവരെ 155595 തിരിച്ചറിയൽ കാർഡുകൾ വിതരണം ചെയ്തിട്ടുണ്ട്. |
| (സി) | ഇൻഷ്വറൻസ് ഏജൻസിയെ കണ്ടെത്തുന്നതിനുള്ള ടെണ്ടർ നടപടിക്രമങ്ങൾ ആരംഭിച്ചിട്ടുണ്ടോ; വിശദമാക്കുമോ; | (സി) | ഇൻഷ്വറൻസ് നടത്തിപ്പിനുള്ള ടെണ്ടർ ചുമതല ചിയാക്കിന് നൽകി സർക്കാർ ഉത്തരവ് പുറപ്പെടുവിച്ചിട്ടുണ്ട്. ഇൻഷ്വറൻസ് കമ്പനിയെ കണ്ടെത്തുന്നതിനുള്ള കരട് ടെണ്ടർ ഡോക്യുമെന്റ് സർക്കാർ അംഗീകരിച്ചിട്ടുണ്ട്. പദ്ധതി നടത്തിപ്പിനായി, ഇൻഷ്വറൻസ് കമ്പനിയെ കണ്ടെത്തുന്നതുവരെ, രജിസ്റ്റർ ചെയ്ത തൊഴിലാളികൾക്ക് ജില്ലാ ലേബർ ഓഫീസർമാരുമായി ബന്ധപ്പെട്ട് സർക്കാർ ആശുപത്രികളിലെ ചികിത്സയ്ക്ക് ആനുകൂല്യം നൽകുന്നതിന് ഉത്തരവ് പുറപ്പെടുവിച്ചിട്ടുണ്ട്. |
| (ഡി) | പദ്ധതി നടത്തിപ്പുമായി ബന്ധപ്പെട്ട് ജില്ലാ ലേബർ ഓഫീസർമാരുടെ ചുമതലയിൽ ജില്ലകളിൽ ഫെസിലിറ്റേഷൻ സെന്ററുകൾ തുടങ്ങുവാൻ തീരുമാനിച്ചിട്ടുണ്ടോ; എന്തെല്ലാം സൗകര്യങ്ങളാണ് പ്രസ്തുത സെന്ററുകളിൽ ഏർപ്പെടുത്താനുദ്ദേശിക്കുന്നതെന്ന് വ്യക്തമാക്കാമോ? | | തിരുവനന്തപുരം, എറണാകുളം, കോഴിക്കോട് ജില്ലകളിൽ അനുയോജ്യമായ സ്ഥലങ്ങളിൽ ഫെസിലിറ്റേഷൻ സെന്ററുകൾ ആരംഭിക്കുന്നതിന് ഉത്തരവായിട്ടുണ്ട്. ഇതര സംസ്ഥാന തൊഴിലാളികൾക്ക് അവരുടെ തൊഴിലുമായി ബന്ധപ്പെട്ട് ആവശ്യമായ സഹായങ്ങൾ ഇതിലൂടെ ലഭ്യമാക്കുവാൻ ഉദ്ദേശിക്കുന്നു. അതിനൊപ്പം അവരുടെ ആരോഗ്യം, യാത്ര, ബാങ്കിംഗ്, ലഭ്യമാകുന്ന ആനുകൂല്യങ്ങൾ, തൊഴിൽ സുരക്ഷ, താമസ സൗകര്യം, വേതന സംരക്ഷണം എന്നിവയടക്കമുള്ള കാര്യങ്ങളിൽ ഉപദേശ-നിർദ്ദേശങ്ങൾ നൽകുവാനും ലക്ഷ്യമിടുന്നു. |

സെക്ഷൻ ഓഫീസർ